

# മനഃപാഠമാക്കാതിരിക്കൂ, പ്രവാചകനിൽനിന്ന് പഠിക്കൂ

എം.ഡി നാലപ്പാട്ട്

**ആരാണ്** യഥാർഥത്തിൽ മുസ്‌ലിം ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നവർ? അഥവാ, മുഹമ്മദ് നബിക്ക് അവതീർണമായ ദൈവവചനത്തെ അതിന്റെ സാകല്യത്തിൽ സ്വീകരിക്കുന്നവർ ആരാണ്? ലോകം മുഴുക്കെ തങ്ങളാണ് 'മികച്ച' മുസ്‌ലിംകൾ എന്ന് അവകാശപ്പെടുന്ന ആയിരക്കണക്കിനാളുകളെ കാണാം. തങ്ങൾ ഖുർആൻ മനഃപാഠമാക്കിയിട്ടുണ്ടല്ലോ, അല്ലെങ്കിൽ ദിവ്യസന്ദേശത്തെ വിശദീകരിക്കുന്ന ധാരാളം ഹദീസുകൾ അറിയാമല്ലോ എന്നാണ് ഈ അവകാശവാദത്തിന് അവർ നിരത്തുന്ന ന്യായം. എന്നാൽ വിനയാന്വിത ദൈവവിശ്വാസിയായ ഈ ലേഖകന് ഇതേക്കുറിച്ച് വ്യത്യസ്തമായ മറ്റൊരു അഭിപ്രായമാണുള്ളത്.



ഒരാൾക്ക് ഒരൊറ്റ ഖുർആൻ സൂക്തമേ അറിയൂ എന്ന് വെക്കുക. പക്ഷേ ആ സൂക്തത്തിലെ ദിവ്യസന്ദേശം അയാളുടെ ആത്മാവിന്റെ എല്ലാ കോണുകളിലേക്കും പരക്കുന്നുണ്ട്; സുഗന്ധം ഒരു മുറിയിൽ പരക്കുന്നതുപോലെ. ആ ദിവ്യസുഗന്ധം മൃഗത്തിൽനിന്ന് അയാളെ വേർതിരിക്കുന്ന മനുഷ്യത്വം എന്ന ഉണ്മയിൽ മാറ്റങ്ങളുണ്ടാക്കുന്നു. അയാളുടെ സ്വഭാവരീതികളെ പരിവർത്തിപ്പിക്കുന്നു. ഇങ്ങനെയുള്ള ഒരാളാണ് എന്റെ കാഴ്ചയിൽ ഖുർആൻ മുഴുവൻ മനഃപാഠമാക്കുകയും എന്നാൽ അതിന്റെ ഒരു വരി പോലും ഉൾക്കൊള്ളാ

തിരിക്കുകയും ചെയ്തവനേക്കാൾ മികച്ച മുസ്‌ലിം. ഒരു ടേപ്പ് റെക്കോർഡർ ആയി മാറിക്കൊണ്ട് ഒരാൾക്കും വിശ്വാസത്തിന്റെ ചൈതന്യം ഉയർത്തിപ്പിടിക്കാനാവില്ല. ദിവ്യവചനത്തിന്റെ സുഗന്ധം മനസ്സിലേക്ക് ആഗിരണം ചെയ്തുകൊണ്ടു മാത്രമേ അതു സാധ്യമാവുകയുള്ളൂ. ദുഃഖകരമെന്ന് പറയട്ടെ, കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായി വിവേകത്തിന്റെ സ്ഥാനം ആചാരങ്ങൾ കൈയടക്കിയിരിക്കുകയാണ്. യുക്തിവിചാരത്തിന്റെ സ്ഥാനം മനഃപാഠത്തിന് വഴിമാറിയിരിക്കുന്നു. ഒട്ടുമിക്ക ആളുകളുടെയും കാര്യത്തിൽ ഇതാണ് സംഭവിക്കുന്നത്.

ദിവ്യത്വത്തിന്റെ മികച്ച ആവിഷ്കാരങ്ങളിലൊന്നാണ് സനാതന ധർമം. അതിന്റെ ദർശനം ഇങ്ങനെയാണ്: ദിവ്യത്വം എന്ന പ്രതിഭാസം ഒരൊറ്റ സംഗതിയായി മനസ്സിലാക്കിയെടുക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ളതും സങ്കീർണവുമാണ്. അതേസമയം ദിവ്യാസ്തിത്വം ഏകമാണ് എന്ന കാര്യത്തിൽ തർക്കമൊട്ടുമില്ല താനും. മനസ്സിലാക്കിയെടുക്കാനാണ് പ്രയാസം. അതിനാൽ ദിവ്യപരാശക്തിയുടെ ഗുണങ്ങൾ വെവ്വേറെയായി വർഗീകരിക്കുന്നു. ധനത്തിന് ലക്ഷ്മി, വിദ്യക്ക് സരസ്വതി, സംഹാരത്തിന് ശിവൻ, സൃഷ്ടിക്ക് ബ്രഹ്മാവ് എന്നിങ്ങനെ. ഇക്കാരണത്താലാണ് ഇന്ത്യയിലെ പൗരാണിക ദാർശനികന്മാർ ഏകപരാശക്തിയെ മനുഷ്യരൂപത്തിൽ സങ്കൽപിച്ചത്. അതുവഴി മനുഷ്യർക്ക് ദിവ്യപ്രതിഭാസവുമായി കൂടുതൽ അടുക്കാനാവുമെന്ന് അവർ കരുതി. യേശുവിന്റെ കുരിശു മരണത്തിലും ഈയൊരു ആശയം തന്നെയാണ് സങ്കൽപിക്കപ്പെട്ടിരിക്കുന്നത്.

ഇതെഴുതുന്നയാൾ ഒരു ഖുർആൻ പണ്ഡിതനല്ല. ദിവ്യസന്ദേശത്തെ അതിന്റെ എല്ലാ തികവോടും പൂർണതയോടും ചൈതന്യത്തോടും കൂടി ഒരു മനുഷ്യ മനസ്സിനും ഉൾക്കൊള്ളാനാവില്ല എന്ന് വിശ്വസിക്കുന്നവനുമാണ്. അങ്ങനെ കഴിയും എന്ന് അവകാശപ്പെടുന്നവരുണ്ടെന്നത് വേറെ കാര്യം. ഒരു പരാശക്തിയിൽ, സർവശക്തനിൽ, ഈശ്വരനിൽ, അല്ലാഹുവിൽ വിശ്വാസമർപ്പിക്കാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ദൈവവചനം സ്വീകരിച്ചു കഴിഞ്ഞവരാകട്ടെ, ദൈവത്തെ 'മനസ്സിലാക്കാൻ' ശ്രമിക്കുന്നുമില്ല. തങ്ങളെക്കുറിച്ച് മാത്രമേ ദൈവത്തിന് വിചാരമുള്ളൂ എന്നൊരു ഭാവമാണവർക്ക്. ഈ ദിവ്യമഹാശക്തി വിശ്വാസികളായ എല്ലാ വിഭാഗങ്ങളെയും കാത്തുപോരുന്നുണ്ടെന്ന് ഞാൻ കരുതുന്നു, അവരുടെ അനുഷ്ഠാന രീതികളുടെ വൈവിധ്യങ്ങൾ പരിഗണിക്കാതെ. അതിനാലാണ് ഈ ലേഖകൻ 1997-ൽ 'ഇന്ദുത്വ' എന്ന ആശയം മുന്നോട്ടുവെച്ചത്. നമ്മുടെ മഹത്തായ ഈ ഉപഭൂഖണ്ഡത്തിലെ ഓരോ കുഞ്ഞിന്റെയും മനസ്സിൽ വൈദിക-മുഗള സങ്കലനത്തിന്റെ സാംസ്കാരികവും മനശ്ശാസ്ത്രപരവുമായ ഒരു ധാര പ്രവർത്തിക്കുന്നുണ്ട്. അതിനാൽ വിശ്വാസസംഹിതകളെ പരസ്പരം ആദരിക്കാൻ ഇവിടത്തെ ജനസമൂഹങ്ങൾ കടപ്പെട്ടിരിക്കുന്നു.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലെ ഋഷിമാർ ഹിമാലയത്തിന്റെ ഉയരങ്ങളിൽ ധ്യാനിക്കാനായി കയറിച്ചെന്നിരുന്നു. തിന്നാതെ, കുടിക്കാതെ അവർ ധ്യാനിച്ചു. നഖങ്ങൾ വളർന്നു നീണ്ടു. ഈ സ്വയം പീഡയാൽ തങ്ങൾ സർവശക്തനോട് കൂടുതൽ അടുത്തു എന്നവർ കരുതി. അടുത്തിരുന്നുവോ? അതിന്റെ ഉത്തരം അവർക്കും ദൈവത്തിനും മാത്രമറിയാം. ഈ ഹ്രസ്വമായ ജീവിതത്തിൽ നാം അവരെക്കുറിച്ച് ഒരു വിധിന്യായം പറയാനൊരുങ്ങിയാൽ, സർവശക്തനായ ദൈവംതമ്പുരാന് മാത്രം അവകാശപ്പെട്ട ഒരു അധികാരം നാം സ്വയം കൈയേറ്റ് പ്രയോഗിക്കുന്നതിന് തുല്യമാവും. ഒരാളുടെ ആധ്യാത്മിക മൂല്യങ്ങൾ അളക്കാൻ

ദൈവത്തിനേ അവകാശമുള്ളൂ; അതിനനുസരിച്ച് രക്ഷാശിക്ഷകൾ വിധിക്കാനും.

എനിക്ക് പറയാനുള്ളത് ഇതാണ്: പ്രവാചകനിൽനിന്ന് പഠിക്കുക. അദ്ദേഹം എല്ലാവരോടും സഹിഷ്ണുവും കരുണാലുവുമായിരുന്നു. അതേസമയം, മറികടക്കാൻ അസാധ്യമെന്ന് തോന്നിച്ച വെല്ലുവിളികൾക്കും പ്രതിബന്ധങ്ങൾക്കുമെതിരെ ജനങ്ങളെ അണിനിരത്താനുള്ള കാര്യശേഷിയും അദ്ദേഹം പ്രകടിപ്പിച്ചു. പക്ഷേ, യുദ്ധങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അസ്വാഭാവികമായിരുന്നു; സമാധാനമായിരുന്നു സ്വാഭാവികവും സാധാരണവും. ജീവിതത്തിന്റെ 90 ശതമാനവും പ്രവാചകൻ സമാധാനാന്തരീക്ഷത്തിലാണ് കഴിഞ്ഞത്. മറ്റൊരു വഴിയും ഇല്ലെന്ന് ഉറപ്പായപ്പോൾ മാത്രമാണ് അദ്ദേഹം യുദ്ധത്തിനിറങ്ങിയത്. നമ്മുടെ കാലത്ത് മുസ്‌ലിംകളെന്ന് അവകാശപ്പെടുന്ന ചിലരുണ്ട്. അവർ സംഘർഷങ്ങളെയാണ് സ്വാഭാവികമായി കാണുന്നത്. സമാധാനത്തെ അവർ മാർഗഭ്രംശ(Aberration)മായി കാണുന്നു. ദൈവവചനത്തിന്റെ സൗരഭ്യം ഇത്തരമാളുകളിലേക്ക് എത്തുകയാണെങ്കിൽ തീർച്ചയായും അവർക്ക് പ്രവാചകന്റേത് പോലെ സഹിഷ്ണുതാപരവും മാനുഷികവുമായ ഒരു ലോകവീക്ഷണത്തെ സ്വാംശീകരിക്കാൻ കഴിയും.

നീണ്ട താടിയാണ് ഒരു നല്ല മുസ്‌ലിമാകാനുള്ള യോഗ്യതയെങ്കിൽ, പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലണ്ട് നല്ല മുസ്‌ലിംകളെക്കൊണ്ട് നിറഞ്ഞിരുന്നു എന്ന് പറയേണ്ടിവരും. കാരണം, അക്കാലത്ത് താടി നീട്ടലായിരുന്നു ഫാഷൻ. വേഷവിധാനങ്ങളോ മുഖത്ത് താടിരോമങ്ങൾ ഉണ്ടാകുന്നതോ ഇല്ലാതിരിക്കുന്നതോ ഒന്നുമല്ല, മറിച്ച് ഒരാൾ ആർജിക്കുന്ന ആന്തരികമായ ഗുണമേന്മയാണ് അയാളെ മറ്റുള്ളവരിൽനിന്ന് വേറിട്ട് നിർത്തുന്നത്. നോക്കൂ, മഹാനായ പ്രവാചകൻ ഒരു സ്ത്രീ (ഖദീജ)ക്ക് വേണ്ടി വളരെ താൽപര്യത്തോടെ ജോലി ചെയ്തിട്ടുണ്ട്; തന്റെ പത്നി (ആഇശ)ക്ക് യുദ്ധമുഖത്തേക്ക് പോകാൻ അനുവാദം കൊടുത്തിട്ടുണ്ട്. ഇന്ന് പ്രവാചകമാതൃക പിന്തുടരുന്നു എന്ന് പറയുന്ന ആളുകളെ നോക്കൂ. അവർ സ്ത്രീകളെ ജോലി ചെയ്യാനോ യാത്ര ചെയ്യാനോ വേണ്ടപോലെ വിദ്യാഭ്യാസം നേടാൻ പോലുമോ സമ്മതിക്കുന്നില്ല. ചുറ്റുമുള്ളവരെല്ലാം വന്യമൃഗങ്ങളാണ് എന്ന മട്ടിൽ എന്തിനാണ് ഒരു പ്രത്യേകതരം വസ്ത്രധാരണം അവരുടെ മേൽ അടിച്ചേൽപിക്കുന്നത്? വൈവിധ്യമാർന്ന വസ്ത്രധാരണ രീതികൾ പിന്തുടരുന്ന രാജ്യങ്ങളിലെ പുരുഷന്മാരൊക്കെ (കാമ) ഭ്രാന്ത് പിടിച്ചു നടക്കുകയാണോ?

ലോകത്തിന്റെ സങ്കീർണതകളെക്കുറിച്ച് കാര്യമായി യാതൊരു വിവരവുമില്ലാത്ത, ഇടുങ്ങിയ മനസ്സുള്ള ആളുകളുടെ വ്യാഖ്യാനങ്ങൾ ആദരവോടെ സ്വീകരിക്കപ്പെടുന്ന കാഴ്ചയാണ് പൊതുവെ കാണുന്നത്. അതും ദൈവവചനത്തിന് കൊടുക്കുന്ന അതേ ആദരവ്! നിർഭാഗ്യകരം എന്നല്ലാതെ എന്തു പറയാൻ. പ്രവാചകന്റെ മുഴു ജീവിതവും പരിശോധിച്ചു നോക്കൂ. കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ആ പ്രവാചക ശ്രേഷ്ഠൻ ശൈലികളും അടവുകളും പരിഷ്കരിച്ചുകൊണ്ടേയിരുന്നതായി കാണാം. പക്ഷേ, അദ്ദേഹത്തെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്ന പലരിലും കാണുന്നത് വീക്ഷണത്തിലെ കാർക്കശ്യവും തെല്ലും മാറാത്ത പ്രവർത്തന ശൈലിയുമാണ്. ഹിമാലയത്തിൽ കയറി സന്യസിച്ചാൽ ദൈവത്തോടടുക്കും എന്ന് വിശ്വസിച്ച 'സാധു'ക്കളുടേതിന് സമാനമായിപ്പോയി ഈ നിലപാട്.

എന്തുകൊണ്ടാണ് മുഹമ്മദ് പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ടത്? അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യങ്ങൾ പ്രപഞ്ചനാഥന് അത്രക്ക് ഇഷ്ടമായിരുന്നു എന്നതുകൊണ്ട്. പ്രവാചകന്റെ അറിവോ പാണ്ഡിത്യ ഗരിമയോ ഒന്നുമല്ല അതിന് കാര

ണം. വിശ്വാസത്തിലുള്ള ആർജവം, ആത്മാർഥത– അതാണ് ദൈവം പരിഗണിച്ചത്. എല്ലാ മനുഷ്യരോടും വളരെ സഹിഷ്ണുതയോടെ അദ്ദേഹം ഇടപെട്ടു. ഒരാളെക്കുറിച്ചും കടുത്ത വിധിതീർപ്പുകൾ നടത്തിയില്ല. അപൂർവം സന്ദർഭങ്ങളിലൊഴിച്ച്, തന്റെ മുമ്പിലെത്തിയവർക്കെല്ലാം മാപ്പ് നൽകി. ഇത്തരം ഗുണവിശേഷങ്ങളും ദൈവം തമ്പുരാൻ പരിഗണിച്ചു. ഈ ഗുണവിശേഷങ്ങളൊക്കെ നമ്മിലുണ്ടോ? ഇല്ലെങ്കിൽ, ഈ കാണാതെ പഠിച്ചതൊന്നും ഹൃദയത്തിൽ നിന്ന് ഇല്ലാതായിപ്പോയ ശ്രേഷ്ഠ ഗുണങ്ങൾക്ക് പകരമാവില്ല എന്ന് മനസ്സിലാക്കുക.

ഇസ്‌ലാമിന് ലോകത്ത് പ്രചാരം കിട്ടിയത് അത് സമത്വവും സ്വാതന്ത്ര്യവും ഉദ്ഘോഷിച്ചതുകൊണ്ടാണ്; അറിയാനും മനസ്സിലാക്കാനും ഉദ്ബോധിപ്പിച്ചതുകൊണ്ടാണ്. ദിവ്യസന്ദേശം ഉൾക്കൊണ്ട ഒരു ആഗോള സമൂഹത്തെപ്പറ്റി(അത് എപ്പോഴും ഒരു നിർണിത രൂപത്തിലാവണമെന്നില്ല) അത് സംസാരിച്ചു. ഇസ്‌ലാം പ്രചരിച്ചത് മുസ്‌ലിംകൾ അറിവിന്റെയും കണ്ടെത്തലിന്റെയും സ്രോതസ്സായിരുന്നതുകൊണ്ടാണ്. ഇന്ന് കണ്ടുപിടുത്തത്തിന്റെ എത്ര പേറ്റന്റുകൾ മുസ്‌ലിംകളുടെ പേരിലുണ്ട്? എത്ര മികച്ച കലാ സൃഷ്ടികളും ധൈഷണിക ഗ്രന്ഥങ്ങളും അവരുടെ പേരിൽ വരവുവെക്കപ്പെട്ടിട്ടുണ്ട്? അവരിൽ എത്ര പേരുണ്ട് മാതൃകായോഗ്യരായ അഛന്മാരും സഹോദരന്മാരും മക്കളും മാതാക്കളും സഹോദരിമാരുമായി? വാഗ്ദാനത്തിന്റെയും പ്രയോഗത്തിന്റെയും ഇടക്കുള്ള ഈ വലിയ വിടവ് തന്നെയാണ്, ദിവ്യവചനങ്ങൾ ഉൾക്കൊള്ളാതെ കാണാപാഠം പഠിക്കുന്നതിന്റെയും യുക്തിവിചാരത്തിലൂടെ അവയെ ഉൾക്കൊള്ളുന്നതിന്റെയും ഇടക്കുള്ളത്. മുസ്‌ലിംകൾ എന്ന് ഒരിക്കൽ കൂടി അറിവിന്റെ, കാരുണ്യത്തിന്റെ, അലിവിന്റെ, സഹിഷ്ണുതയുടെ പ്രഭവ കേന്ദ്രമായി മാറുന്നുവോ, അന്ന് മനുഷ്യ സമൂഹം മുഴുക്കെ ഈ ദൈവവചനം പരക്കുകതന്നെ ചെയ്യും. ■

mdnalapat@gmail.com